(ബി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കേരളത്തിലെ വിവിധ ഭാഗങ്ങളിലെ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച കാര്യങ്ങൾ അറിയുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി. ബി. എക്സ്. ഇ. സംവിധാനം ഇല്ലാത്തതുമൂലം കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ വേണ്ട സത്വര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പി. ബി. എക്സ്. ഇ. സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടില്ല. ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

ടി. ടി. സി. കോളേജുകൾക്ക് എൻ. ഒ. സി. കൊടുക്കാനുള്ള തീരുമാനം

179 (2905) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കേരളത്തിൽ ടിടിസി കോഴ്സുള്ള എത്ര ട്രെയിനിംഗ് സ്കൂളുളുണ്ടെന്നും ഇവയിൽ സർക്കാർ മാനേജ്മെന്റ് സ്കൂളുകൾ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ നിന്ന് എത്ര പേർ കോഴ്സ് കഴിഞ്ഞ് ഓരോ വർഷവും പുറത്തിറങ്ങുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ ടി.ടി.സി. കഴിഞ്ഞ് തൊഴിലില്ലാത്തവരായി എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് പുതിയതായി ട്രെയിനിംഗ് സ്കൂളുകൾക്ക് (ടി. ടി. സി.) എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര സ്കൂളുകൾക്ക് എന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ കേരളത്തിൽ 101 ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആണുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	സർക്കാർ	മാനേജ്മെന്റ്
തിരുവനന്തപുരം	4	5
കൊല്ലം	2	6
പത്തനംതിട്ട	1	9
ആലപ്പുഴ	3	6
കോട്ടയം	3	7
ഇടുക്കി	3	2
എറണാകുളം	4	10
തൃശൂർ	2	7
പാലക്കാട്	3	4
മലപ്പുറം	2	3
കോഴിക്കോട്	3	2
വയനാട്	2	1
കണ്ണൂർ	4	0
കാസർഗോഡ്	2	1
	38	63

(ബി) ഓരോ വർഷവും 4040 പേർ കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്നുണ്ട്.

(സി) ഇത് സംബന്ധിച്ച വിവരം വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല.

(ഡി) ഉണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കെ.ബി.പി.എസ്-ന് നൽകിയ അച്ചടി ഓർഡർ

180 (2906) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനമായ കെ.ബി.പി.എസ്.-ന് നൽകിയ പാഠപുസ്തകങ്ങളുടെ അച്ചടി ഓർഡർ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly